പതിനാലാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2017 നവംബർ മാസം 09-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ...

**പുതിയ അംഗത്തിന്റെ സത്യപ്രതിജ്ഞ**

നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, വേങ്ങര അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. കെ. എൻ. എ. ഖാദർ സത്യപ്രതിജ്ഞയ്ക്കായി സഭയിൽ സന്നിഹിതനായിട്ടുണ്ട്.

**I സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ:**

ശ്രീ. കെ. എൻ. എ. ഖാദർ: അഡ്വക്കേറ്റ് കെ. എൻ. എ. ഖാദർ ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം

ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും അല്ലാഹുവിന്റെ നാമത്തിൽ സത്യം ചെയ്യുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. കെ. എൻ. എ. ഖാദർ, അങ്ങേയ്ക്ക് എല്ലാ അഭിനന്ദനങ്ങളും നേരുന്നു.